96/DGE/HSE/NSS/2022

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
(ഹയർ സെക്കന്ററി വിഭാഗം)
ഹൗസിങ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം
04712323023
dhsensskerala@gmail.com

തീയതി : 20.09.2022

## എൻ.എസ്.എസ്. ദിനാചരണം

2022 വർഷത്തെ നാഷണൽ സർവ്വീസ് സ്കീം ദിനാചരണത്തിന്റെ ഭാഗമായി ഹയർസെക്കന്ററി നാഷണൽ സർവ്വീസ് സ്കീം സെപ്റ്റംബർ 24 ശനിയാഴ്ച രണ്ട് പ്രധാന പരിപാടികൾ സംഘടിപ്പിയ്ക്കുന്നു.

രണ്ടാം വർഷ ഹയർസെക്കന്ററി നാഷണൽ സർവ്വീസ് സ്കീം വോളന്റിയർമാർ, 'സ്വാതന്ത്ര്യാമൃതം' സപ്തദിന സഹവാസക്യാമ്പ് പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാലയ ചുവരുകളിൽ ഇന്ത്യൻ സ്വാതന്ത്ര്യസമര സേനാനികളുടെ ചിത്രങ്ങൾ, സ്വാതന്ത്ര്യ സമരചരിത്രത്തിലെ അഭിമാന മുഹൂർത്തങ്ങൾ, പ്രാദേശിക മുന്നേറ്റങ്ങൾ എന്നിവ ആലേഖനം ചെയ്തു പൂർത്തിയാക്കിയ 1400 ഫ്രീഡം വാളുകളുടെ സമർപ്പണം എല്ലാ യൂണിറ്റുകളും 2022 ശനിയാഴ്ച രാവിലെ 10.30 ന് സംഘടിപ്പിക്കേണ്ടതാണ്. പ്രസ്തുത ചിത്രങ്ങൾ ക്യാമറയിൽ എടുത്ത A3 size പ്രിന്റ് ചെയ്ത് പി. എ.സി. മാരെ ഏൽപ്പിക്കേണ്ടതാണ്.

കേരള സർക്കാർ സാമൂഹിക നീതിവകുപ്പ്, കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്ന ജീവകാരുണ്യ പദ്ധതിയാണ് 'വി കെയർ'. ഗുരുതരരോഗബാധിതർക്ക് അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള ചികിത്സകൾക്ക്. ധനസഹായം അനുവദിച്ച് പുതുജീവിതം നല്കുന്ന ഈ പദ്ധതി സുമനസ്സുകളിൽ നിന്ന് സാമ്പത്തിക സഹായം സ്വീകരിച്ചാണ് നടപ്പിലാക്കി വരുന്നത്. ഹയർ സെക്കന്ററി നാഷണൽ സർവ്വീസ് സ്കീം സംസ്ഥാന തലത്തിൽ ഈ പദ്ധതിയുമായി കൈ കോർക്കുന്നു. എൻ.എസ്.എസ്. ദിനാചരണത്തിന്റെ ഭാഗമായി എല്ലാ യൂണിറ്റുകളും സ്ക്രാപ്പ് ചലഞ്ച് ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളിലൂടെ സമാഹരിക്കുന്ന തുക 'വി കെയർ' ഡൊണേഷൻ പോർട്ടലിലൂടെയും ചുവടെ നല്കിയിരിക്കുന്ന അക്കൗണ്ടിങ്ങിലൂടെയും നേരിട്ട് സംഭാവനയായി നല്കുകയും ആയതിന്റെ വിശദാംശങ്ങൾ ജില്ലാ തലത്തിൽ ക്രോഡീകരിച്ച് സംസ്ഥാന സെല്ലിലേക്ക് സമർപ്പിക്കേണ്ടതുമാണ്.

ഫ്രീഡം വാൾ സമർപ്പണം, 'വി കെയർ' സംഭാവനയുടെ പ്രതീകാത്മക കൈമാറ്റം എന്നിവ ജനപ്രതിനിധികളെ പങ്കെടുപ്പിച്ച് സംഘടിപ്പിക്കണം. നാഷണൽ സർവ്വീസ് സ്കീമിന്റെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങളുടെയും ആശയങ്ങളുടെയും പ്രാമുഖ്യം ലഭ്യമാകും വിധത്തിലുള്ള പ്രഭാഷണങ്ങൾ, സെമിനാറുകൾ, പൊതുജനസമ്പർക്ക പരിപാടികൾ എന്നിവ ഉചിതമായ രീതിയിൽ യൂണിറ്റുകൾക്ക് സംഘടിപ്പിക്കാവുന്നതാണ്.

പ്രോഗ്രാം കോ-ഓർഡിനേറ്റർ

**We Care' Donations Portal**

1) e- payment link: https://donation.socialsecuritymission.gov.in

2). DD/ Cheque in favor of Executive Director, Kerala Social Security Mission

3) UPI Id: KSSMKERALA@SBI

4) Account details:

Name: Kerala Social Security Mission

Account no: 30809533211

IFSC: SBIN0000941

Address: State Bank of India, P.B No. 14, MG road, Thiruvananthapuram.